# കാവിലെ പാട്ട്

**പ്രൊഫ: കെ.പി. ശങ്കരൻ**

മിനുത്ത തൂലികകൊണ്ട് നനുത്ത വെൺതാളിലെഴുതുന്നവരാണ് നമ്മുടെ മിക്ക കവികളും. എന്നാൽ കൂട്ടത്തിലിതാ ഒരപവാദം – ശ്രീ ഇടശ്ശേരി. കൂർത്ത എഴുത്താണികൊണ്ടു കടുത്ത കരിങ്കല്ലിൽ കൊത്തിവച്ചതുപോലെ അത്ര കരുത്തുണ്ട് അദ്ദേഹത്തിന്റെ കവിതകൾക്ക്. 'കാവിലെപാട്ട്' എന്ന സമാഹാരം, വിശേഷിച്ചും. ഇതിൽ അതേ പേരിൽക്കാണുന്ന നീണ്ട കവിത, ഈ സ്വഭാവംകൊണ്ട് ഇടശ്ശേരിക്കവിതയ്ക്ക് ശരിക്കും പ്രതിനിധീഭവിക്കുന്നു.

'ഉണ്ണുനീലി സന്ദേശം' ആദ്യം വായിച്ചപ്പോൾത്തന്നെ അതിലെ ഒരു പദ്യത്തിന്റെ ഉജ്ജ്വലവർണ്ണം എന്നെ അഗാധമായി ആകർഷിക്കുകയുണ്ടായി. ഞാൻ പിന്നെ അടിക്കടി അതയവിറക്കിപ്പോരാറുണ്ട്. ദിഗ്ഗജങ്ങളുടെ കഴുത്തു കൊത്തിനുറുക്കി ആ കൊഴുത്ത ചോര ചുടുചുടെ കോരിക്കുടിച്ച് കാളി, കഴുകാതെ കമിഴ്ത്തിപ്പിടിച്ച എച്ചിൽക്കിണ്ണമാണ് ആകാശം എന്നൊരു വർണ്ണനയാണ് ആ പദ്യത്തിലെ വിഷാദം. ഉദാത്തമായ ആ സങ്കല്പം ഒറ്റ വായന കൊണ്ടേ ഉള്ളിൽ പതിയുന്നു. ഇപ്പോൾ ഇടശ്ശേരിയുടെ 'കാവിലെപാട്ടി'ലെ ചില സങ്കല്പങ്ങൾ, ഉണ്ണുനീലിസന്ദേശത്തിലെ ആ സങ്കല്പത്തിന്റെ ഓർമ്മയുണർത്തുകയാണ്. ഇവിടെയുമുണ്ട് 'എച്ചിൽക്കിണ്ണമെന്നപോലെ സൂര്യൻ അഭ്രച്ചേറിൽ'മുങ്ങി മുങ്ങീലെന്നപോലെ നിൽക്കുന്ന ചിത്രം. അപ്പുറത്തുനടന്ന ഒരു നരബലിയുടെ പരഭാഗശോഭയിലാണ് സൂര്യൻ അങ്ങനെ വിളറിയത്. ഭീഷണവും ദാരുണവുമാണ്. ആ രംഗം. ഒട്ടും കൈവിറയ്ക്കാതെത്തന്നെ ഇടശ്ശേരി അതുജ്ജ്വലമായി വരച്ചുവെച്ചിരിക്കുന്നു. ഈ കരുത്ത് അസാധാരണം തന്നെ.

'കന്യകയാ,ണെങ്ങളുടെ കൂപ്പുകൈകളാലേ
കഞ്ജമലർമൊട്ടു കോർത്ത മാലയിടും ദേവി'

എന്നൊരുപക്ഷേ മറ്റു കവികളും വർണ്ണിച്ചു എന്നു വരാം. എന്നാൽ തുടർന്ന്.

'കന്യകയാ,ണെങ്ങളുടെയാനമിതശീർഷ-
കമ്രരുദ്രാക്ഷങ്ങൾ കോർത്ത മാലയിടും ദേവി'

എന്നു വർണ്ണിക്കണമെങ്കിൽ ഇടശ്ശേരിതന്നെ വേണം. കുമ്പിടുന്ന ശിരസ്സുകളെക്കൊണ്ടു കോർത്ത രുദ്രാക്ഷമാല – എന്തൊരു പരുഷമായ കല്പന! പാരുഷ്യം ഒരു സിദ്ധിയായി ഇടശ്ശേരിക്കവിതയിൽ പണ്ടുതൊട്ടേ പരിലസിച്ചു പോരുകയാണല്ലോ.

ഉറഞ്ഞുതുള്ളി തലയിൽവെട്ടി ഉതിരമൊഴുക്കുന്ന വെളിച്ചപ്പാടിനെ നോക്കിനില്ക്കുമ്പോൾ കേരളീയപ്പഴമയുടെ തായ്‌വേരിന്റെ തീക്ഷണഗന്ധം മൂക്കിലെത്തുംപോലെ തോന്നും. എന്തുകൊണ്ടു വെളിച്ചപ്പാടു തന്നത്താൻ തല വെട്ടിപ്പൊളിക്കുന്നു? ഈ ഉത്കണ്ഠയുടെ പിന്നിൽ ഒരു പുരാവൃത്തം (Myth) നെയ്തെടുക്കാനാണ് 'കാവിലെ പാട്ട്' എന്ന കവിതയിൽ ഇടശ്ശേരിയുടെ ഉദ്യമം. സുംഭനിസുംഭാദികളെ കൊന്നൊടുക്കിയ കൊടുംകാളി സുരഭിലപ്പൂവല്ലിയായി മാറിയ ആ പുരാവൃത്തത്തിൽ നമുക്കു നമ്മെ പൂർണ്ണമായും പ്രതിഫലിച്ചുകാണാം. പ്രാകൃതവും ഭീഷണവുമായിരുന്നില്ലേ നമ്മുടെ പ്രാചീനസംസ്കാരം? തൂക്കവും നിണവും മറ്റും നമുക്കു കൗതുകമുണർത്തുന്ന കലാ വിനോദങ്ങളായിരുന്നു! ആ കാലം കഴിഞ്ഞ് ആര്യസംസ്കാരവുമായി അനുരഞ്ജനത്തിലെത്തിയ ശേഷമല്ലേ നാം ആസുരവാസനകളൊട്ടൊക്കെ നിയന്ത്രിച്ചു സൗമ്യശീലരായി മാറിയത്? അങ്ങനെ നോക്കുമ്പോൾ, ഈയൊരു ദേവി നമ്മുടെ പരദേവതയായി മാറിയത് പല നിലയ്ക്കും അർത്ഥഗർഭമത്രേ. അബോധമനസ്സിലെ അതീതസ്മൃതികളുണർത്തുക എന്നതു കവിയുടെ മാന്ത്രികസിദ്ധികളിൽ ഒന്നാണല്ലോ. ഇടശ്ശേരിയുടെ ഈ 'കാവിലെപാട്ടി'ൽ മലയാളി അവന്റെ തനിമയും പഴമയും കണ്ടെത്താതിരിക്കയില്ല.

'മലയാളി'എന്ന പേരിൽ മറ്റൊരു കവിതയുണ്ട് ഈ സമാഹാരത്തിൽ. അചഞ്ചലമായ അന്തഃസ്ഥൈര്യമാണ് ഒരു ജനത എന്ന നിലയിൽ നമ്മുടെ അപൂർവ്വസിദ്ധി എന്നു അവിടെ ഉദ്ഘോഷിച്ചു കാണുന്നു. 'ക്രൂരക്കൊടുന്തിരയിൽ കൂറ്റൻകൊടുമുടി നട്ട വിത്താണു'പോലും മലയാളി.

'ദുർദ്ദമശക്തികളൊക്കെയിളകീട്ടു
കുത്തിമറിഞ്ഞു വന്നോട്ടെ,
അപ്പോഴാണുത്സവ, മപ്പൊഴാണുത്സാഹ-
മപ്പൊഴദമ്യനീമർത്ത്യൻ!'

മാറിലമ്മിഞ്ഞയും കയ്യിൽക്കൊടും കൊലവാളുമെഴുമൊരു മൂർത്തി, കാവിലുണ്ടെങ്കിലും ഇല്ലെങ്കിലും ശരി, അയാളുടെ ഉള്ളിൽ മേവിടുന്നുണ്ട്, തീർച്ച എന്നിരിക്കേ, ഇപ്രകാരമുള്ള

തനിമലയാളിതന്നെയത്രേ, സ്വന്തം ജീവരക്തംകൊണ്ടു ദേവിക്ക് തർപ്പണം നടത്തുന്ന 'കാവിലെ പാട്ടി'ലെ ആ തന്റേടക്കാരനായ യുവാവ്. അയാളിലും മലയാളി അവനെത്തന്നെ കണ്ടെത്തുന്നു. അതെ, എല്ലാംകൂടി നമ്മുടെ മനസ്സിന്റെ ആഴങ്ങളിൽ വേരുപാവുന്ന കവിതയാണ് ഈ 'കാവിലെ പാട്ട്.'

അതോടൊപ്പം പ്രകൃതിയും മനുഷ്യനും തമ്മിൽ നടന്ന സമരത്തിന്റെയും സന്ധിയുടെയും കഥകൂടിയല്ലെ ഇത്? ആദിയുഗങ്ങളിൽ അലിവില്ലാത്തൊരു രാക്ഷസിയായിരുന്നിരിക്കണമല്ലോ ഈ പ്രകൃതി. ക്രൂരഭീഷണയായ ആ രാക്ഷസി ഒടുക്കം കൂസലില്ലാത്ത മനുഷ്യന്റെ ധീരചേതനയ്ക്കു മുമ്പിൽ തലകുനിച്ചുപോകുന്നു. എന്നല്ല, മനുഷ്യൻ കാണിക്കുന്ന പാപങ്ങൾക്കു സ്വയം ശിക്ഷയേൽക്കുക എന്ന പാകംവരെ ആ ഹൃദയം ആർദ്രമാവുന്നു. ആർക്കറിയാം അതാതു മക്കളുടെ ക്രൂരവൃത്തികളിൽ അകംനൊന്തു പ്രകൃതി എന്ന ഈ അമ്മ ഇന്നു തന്നത്താൻ തല വെട്ടി ചോര ചിന്തുന്നുണ്ടാവില്ലേ? അങ്ങനെ രാക്ഷസിയായിരുന്ന പ്രകൃതി ഈശ്വരിയാവുന്ന ഒരർത്ഥവാദംകൂടി ഈ കവിതയിൽ അന്തർഭവിക്കുന്നുണ്ടാവാം. അത്ര വിശദമോ നിയതമോ ആയി വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞെന്നു വരില്ല. അതിന്റെയൊട്ടാവശ്യവുമില്ലല്ലോ.

എങ്കിലും എല്ലാം പറയുന്ന കൂട്ടത്തിൽ ഒരു പരാതിയും പറയാതെ വയ്യ. ഈ കവിതയിലെ പുരാവൃത്തം പഴയ 'പൂതപ്പാട്ടി'ലെ പുരാവൃത്തം പോലെ അത്ര ഇഴപ്പൊരുത്തം കാണിക്കുന്നില്ല. ഇവിടത്തെ അമ്മയ്ക്കും അവിടത്തെ അമ്മയ്ക്കും ഒട്ടൊരു സാദൃശ്യമുണ്ടെന്നുകൂടി ഈ സന്ദർഭത്തിൽ സ്മരിച്ചുപോവുന്നു. എന്നിട്ടും ഈയൊരസംതൃപ്തി അവശേഷിക്കുകയാണ്. അഥവാ, ഈ കാഞ്ഞിരക്കാതലും ആ താമരത്തണ്ടും തമ്മിൽ താരതമ്യത്തിനു മുതിരുന്നില്ല.

ഇടശ്ശേരി എന്ന കവിയുടെ കരുത്തുമുഴുവനും കണ്ടെത്താവുന്ന മറ്റൊരു കവിതയാണ് ഈ സമാഹാരത്തിലെ 'പൂജാപുഷ്പം.' വിങ്ങിപ്പൊട്ടി നില്ക്കുന്ന വേദന; എന്നിട്ടും കടിച്ചമർത്തുന്നതേയുള്ളു, കരഞ്ഞുതീർക്കുന്നില്ല – അതാണ് ആ കവിതയുടെ സവിശേഷത. വിധിയുടെ ക്രൂരത തന്റെ മാറത്തുനിന്നടർത്തിച്ചീന്തിയിട്ട പച്ചജീവനെ 'കാരിരുമ്പായിത്തീർന്ന കരളോടെ നിന്നു കാണവേ'കരാളമായി, എങ്കിലും കരുണമായി, കവി വിളിച്ചുപറയുന്നു.

'ക്രൂരതേ, നീ താനത്രേ ശാശ്വതസത്യം! നിന്റെ
നേരെ ഞാൻ കൃതജ്ഞതാപൂർവ്വകമെറിയട്ടേ
'ഹേ, ദയാമയൻ, എന്ന സംബുദ്ധി! ഇതെന്നെന്നും
സ്വീകരിച്ചാവൂ പൂജാപുഷ്പമായ് നിൻപാദങ്ങൾ!'

കല്ലിച്ച മനസ്സിൽനിന്നു കടഞ്ഞെടുത്തതുകൊണ്ടാവാം, ഈ കവിത താനേനിന്നു കത്തിപ്പാളുന്നതായി തോന്നും.

ഈവക കവിതകളൊക്കെ പരിശോധിക്കുമ്പോൾ കരുതാം, 'വയലിന്റെ ചിത്രകാരനെ'ന്ന കവിതയിൽ കരുത്തനായ തന്നെതന്നെയാണ് കവി വരച്ചുവെച്ചിരിക്കുന്നത്. വയലിന്റെ വർണ്ണഭംഗികൾക്കു നടുക്ക് ഘനീഭവിച്ച പ്രകാശത്തിന്റെ പശ്ചാത്തലത്തിൽ നോക്കൂ,

'കറുകറെയുണ്ടൊരു മർത്ത്യൻ നില്പൂ
കൽപ്രതിമയ്ക്കുയിർപെട്ടതു പോലെ,
കഠിനാംസങ്ങളിൽ വീണ മരീചിക-
ളുണ്ടേ ചിതറിനുറുങ്ങുംപോലെ.'

ഇയാളുടെ സൃഷ്ടിപ്രക്രിയ കവി വ്യക്തമാക്കുന്നു.

'ഇരുളിൻ കാതലിലുളികൾ നടത്തി
ച്ചതുരം ചതുരം ചെത്തിമിനുക്കീ-
ട്ടിരുനയനങ്ങളുഡുക്കളമിഴ്ത്തി
മിഴിപ്പിച്ചൊന്നീശ്ശില്പവിശേഷം.'

ഇടശ്ശേരിക്കവിതയുടെ സൃഷ്ടിപ്രക്രിയയ്ക്കും ഇതിനേക്കാൾ ഇണങ്ങുന്നൊരു വിവരണം വേറെയില്ല.

'വരിയിലമർന്നൊരു വെള്ളിപ്പരലുകൾ-
പോലെ രദങ്ങൾ മുഴുക്കെക്കാട്ടി-
ച്ചിരിതൂകുന്നളവമ്മുഖമെന്തൊ-
രഹങ്കാരത്തെ വഹിപ്പൂ ബാഢം!'

ആത്മാദാർഢ്യത്തിന്റേതായ ഈയൊരഹങ്കാരം ഇടശ്ശേരിക്കവിതയ്ക്കും അവകാശപ്പെടാം. അപ്പുറത്തെങ്ങാനും കാണുന്ന വർണ്ണഭംഗികളിലേയ്ക്കൊഴുകിച്ചെല്ലാനുള്ള ആർദ്രതയല്ല, അതിനേക്കാളേറെ അവനവന്റെ മണ്ഡലത്തിൽ തന്റേടത്തോടെ തറച്ചുനില്ക്കാനുള്ള അടിയുറപ്പത്രേ ആ കവിതയുടെ അന്തർഭാവം. സൗന്ദര്യസാധനയോളമോ, ഒരു

പക്ഷെ അതിലധികം തന്നെയോ ശക്തിസാധനയുമാണ് ഇടശ്ശേരിക്കവിത എന്നു ചുരുക്കം.

ശക്തിസാധകനായ ഇടശ്ശേരി ഹനൂമാനെ സാഭിമാനം വാഴ്ത്തിപ്പാടുന്നത് സ്വാഭാവികം തന്നെ. രാമായണത്തിൽ ഇടശ്ശേരിയെ ഏറ്റവും ആകർഷിച്ച കഥാപാത്രം ഹനൂമാനാണെന്നു തോന്നുന്നു. 'മാവിൻചുവട്ടിലെ നാടകം, 'ലവണാസുരവധത്തിലെ ഹനൂമാൻ' ഇങ്ങനെ അപദാനസൗരഭ്യം കലർന്ന കവിതകൾ ആ ആകർഷണത്തിൽനിന്ന് പണ്ടേ വിരിഞ്ഞിട്ടുണ്ട്. ഈ സമാഹാരത്തിലുമുണ്ട് അപ്രകാരമൊന്ന്:

'അഞ്ജനപെറ്റുണ്ടായ ശക്തിപൂഞ്ജമേ, നിന്റെ,
കുഞ്ഞിക്കണ്ണിനു കൂരിപ്പഴമോ ബാലാദിത്യൻ?
നീ ജഗൽപ്രാണന്റേയും പ്രാണങ്ങളെന്നോ? ലോക-
തേജസ്സിൽ നിന്നോ നേടിക്കൊണ്ടതക്ഷരശാസ്ത്രം?'

(ഹനുമൽസേവ തുഞ്ചൻ പറമ്പിൽ)

എന്നൊക്കെ ഹനൂമാനോടു കവി 'ലോഗ്യം' ചോദിക്കുന്നത് കൗതുകകരമായിട്ടുണ്ട്. രാമ ലക്ഷ്മണന്മാരെ തോളിലേറ്റി, കൈത്തലം അവർക്കു ചവിട്ടുകല്ലായി പരത്തിപ്പിടിച്ച്, നീണ്ടുനിവർന്നു, രണലഹരി കൊണ്ടുമുഖം രക്തവർണ്ണമായി, അങ്ങനെ വാലുയർത്തിപ്പിടിച്ച് ആവേശപൂർവ്വം കുതിച്ചുകയറുന്ന ഹനൂമാന്റെ ഉന്നതസ്വരൂപത്തെ ഉന്മേഷപൂർവ്വം ധ്യാനിക്കുന്നത് ഉജ്ജീവകമായിട്ടുണ്ട്. ഈയ്യിടെ ഒരു പ്രസംഗത്തിൽ ശ്രീ. ഇടശ്ശേരി പ്രസ്താവിക്കുകയുണ്ടായി, താൻ ഭക്തിഗാഥകൾ എഴുതാറില്ലെന്ന്. എഴുതിയതിൽവെച്ച് ഏറ്റവും ഉജ്ജ്വലം ഈ ഹനുമൽസ്തവമായിരിക്കണം. ഏതായാലും ഇടശ്ശേരി ഭക്തനാവുകയാണെങ്കിൽ ഹനുമൽഭക്തനേ ആവൂ എന്നത് അസ്വാഭാവികമല്ല.

കൂട്ടത്തിൽ പറയട്ടെ: ഈ കവിതയിൽ ഹനൂമാൻ ആശാപുരിയിൽ കാണുന്ന അംബികയെ കവി അവതരിപ്പിക്കുന്നത്.

'അധർമ്മപരിശുഷ്കം ലങ്കതന്നോലപ്പുറ-
ത്തരക്കൻ നിക്ഷേപിച്ച ചെങ്കനൽപ്പൊരിപോലെ'

എന്നാണ്. ആകർഷകവികളുടേതായ ഒരർത്ഥഗാംഭീര്യവും അഭിജാതസൗന്ദര്യവും ഈ ഉപമയെ അനുഗ്രഹിക്കുന്നതായി അനുഭവപ്പെടുന്നു. അന്തസ്സുറ്റ രചനയുടെ ആകർഷകമായ ഈ മാതൃക ഈ സമാഹാരത്തിലെ പല കവിതകളിലേയും പ്രതിപാദന രീതിക്കും പ്രതിനിധീഭവിക്കുന്നുണ്ട്.

ഹനൂമാനെ മാത്രമല്ല, ഗാന്ധിജിയേയും ഈ കവി ഉപാസിക്കുന്നത് ഇതേ കാരണം കൊണ്ടുതന്നെ. ശക്തിയുടെ ഉരുവിൽ ഇവിടത്തെ ഉദാസീനരായ ജനതയെ ഒന്നുടച്ചു വാർത്തെടുത്തു എന്ന കാരണം കൊണ്ട്.

'ഇക്കൈകൾക്കു കൊടുങ്കാറ്റിൻ ബല-
മേകിയൊരാളുണ്ടായി,
ഖഡ്ഗത്തുമ്പുകൾ കൈതപ്പൂവിത-
ളാക്കിയൊരാളുണ്ടായീ.
ദുർബ്ബലസത്തയെ ധർമ്മക്കതിരി
ലിണക്കിച്ചുറ്റി മനുഷ്യ-
ന്നത്ഭുതമൊരു നവസംസ്കാരം നെ-
യ്തേകിയൊരാളുണ്ടായി.'

അദ്ദേഹമാണ് ഗാന്ധിജി. ആ മഹാപുരുഷന്റെ ചിതാഭസ്മം തൂവിയ മണ്ണിൽനിന്ന് 'പുതിയൊരു മാനുഷവർഗ്ഗം യുഗാന്തം നിന്നു തഴയ്ക്കാൻ' പൊട്ടി മുളയ്ക്കുമെന്ന് കവി പ്രതീക്ഷിക്കുന്നു. ('ചിതാഭസ്മം') അതുപോലെ, നാവാമണൽപ്പുറം ഇടശ്ശേരിയെ ആവേശം കൊള്ളിക്കുന്നത് അവിടെ ഇന്നലെയുടെ മഹത്തായ ചരിത്രം വീണുറങ്ങിക്കിടപ്പുള്ളതുകൊണ്ടല്ല. അങ്ങിനെയാണ് പല കവികളെസ്സംബന്ധിച്ചും പതിവ്. അവരെന്നിട്ട് പഴമയുടെ പല്ലവി പാടുകയായി. പക്ഷേ തറവാടിത്തഘോഷണത്തെപ്പോലെ അത്ര വ്യത്തികെട്ട മറ്റൊന്നും ഈ ഭൂമിയിലില്ല എന്നറിയുന്നവനാണല്ലോ ഇദ്ദേഹം. അതിനാൽ ഇന്നവിടെ നടക്കുന്ന അദ്ധ്വാനയജ്ഞത്തിന്റെ അപദാനം ആലപിച്ചുകൊണ്ടാണ് ഇടശ്ശേരി നാവാ മണൽപ്പുറത്തെക്കുറിച്ച് ആവേശംകൊള്ളുന്നത്. ആ പുരാതനഭൂമിയിൽ അത്ഭുതം സൃഷ്ടിക്കാൻ എത്തിയ ജനങ്ങളെ കവി അഭിവാദ്യം ചെയ്യുന്നു.

'കയ്യിന്റെ കെല്പിലഭിമാനമാർന്നവർ
ഇയ്യുള്ളവർ കർമ്മസംഗീതലോലുപർ'

(സർവ്വോദയമേളയിൽ)

അതെ, കർമ്മനിരതമായ ജീവിതത്തിലാണ് ഇടശ്ശേരിക്ക് എപ്പോഴും അഭിനിവേശം. ജീവിതത്തിന്റെ നദി നിശ്ചലമോ നിരുന്മേഷമോ ആവരുത്. തട്ടിത്തടഞ്ഞുംമുട്ടിത്തിരിഞ്ഞും അതങ്ങനെ തകർത്തലച്ചൊഴുക്കട്ടെ. 'അമ്പാടിയിലേയ്ക്കു വീണ്ടും' എന്ന കവിതയുടെ

ആദ്യഖണ്ഡത്തിൽ ആ ദാരുകന്റെ വിചാരഗതിയിലൂടെ ഈ വീക്ഷണം വിളംബരം ചെയ്യുന്നു.

'എനിക്കു രസമീ നിമ്നോന്നതമാം
വഴിക്കു തേരുരുൾ പായിക്കൽ.
ഇതേ തിരുൾക്കുഴിമേലുരുളട്ടെ,
വിടില്ല ഞാനീ രശ്മികളെ.
എനിക്കു രസമത്യാസന്നോദയ
വികാരവിപ്ലവ ദൃശ്യങ്ങൾ
അഗാധഹൃദയഹ്രദമഥനോത്ഥിത-
സൗന്ദര്യപ്രതിഭാസങ്ങൾ......'

(ഇതിൽ നിന്ന് ആദ്യത്തെ രണ്ടീരടിയുദ്ധരിച്ച് ഈ കൃതിയുടെ മുഖവാക്യമായി ചേർത്തിരിക്കുന്നതു തികച്ചും ഉചിതം തന്നെ.) ഈ സാഹസികത്വമത്രേ ഇടശ്ശേരിക്കവിതയിലെ ഏറ്റവും സജീവമായ ഘടകം. 'അയത്നസുലഭസുഖാഗാര'മായ ജീവിതം അലസവും, അതിനാൽ വിരസവുമേ ആവൂ. തനിക്കതുവേണ്ട. വിശപ്പൊരിക്കലുമേല്പിക്കാത്തൊരു വിശേഷഭക്ഷണവിഭവങ്ങൾ, 'വിയോഗമെന്തെന്നറിയാനരുതാത്ത അവിഘ്നസിദ്ധപ്രണയങ്ങൾ, 'ഒരിറ്റു നിണവും വീഴാതെ അഴകോടൊഴിഞ്ഞുകിട്ടും വിജയങ്ങൾ' ഒക്കെയും തന്റെ വിരോധിമാർക്കായി ഈ കവി വിട്ടുകൊടുക്കുന്നു! 'ഇടയ്ക്കുകണ്ണീരുപ്പുപുരട്ടാതെ ജീവിതപലഹാരം'എന്തിന് കൊള്ളാം! ആധുനികസാഹിത്യത്തിൽ വിഷാദധൂസരമായ ഒരു തരം അകർമ്മണ്യത ഏറിയേറിവരുന്നു എന്നാണല്ലോ ആവലാതി. എങ്കിൽ, അതിന്നെതിരെ പ്രസാദഭാസുരമായ ഈ അത്ഭുതസാഹസികത്വം കണ്ട് ആശ്വസിക്കുക.

സാഹസികനായ ഈ കവി ആശയം കൊണ്ടായാലും ആവിഷ്കാരം കൊണ്ടായാലും, സങ്കേതങ്ങളൊന്നും, സഹജമായും, സാരമാക്കുന്നില്ല. ആചാരമൂഢരായ ആളുകൾ ആദരിച്ചുപോരുന്നു എന്ന അടിസ്ഥാനത്തിൽമാത്രം ഇദ്ദേഹം ഒന്നിന്റേയും അടിമയാവുകയുമില്ല. അതിനാൽ ഉദ്ധതമായ ഒരുൽപ്പതിഷ്ണത്വം ഇടശ്ശേരിക്കവിതയിൽ ഉന്മേഷം കൊണ്ടു നിൽക്കുന്നു. ഈ സമാഹാരത്തിൽ അതിനുള്ള ഉദാഹരണമത്രേ 'പൊട്ടി പുറത്ത് ശിവോതി അകത്ത്' എന്ന കവിത. ഇടശ്ശേരിയെ വിലയിരുത്തുമ്പോൾ വിശേഷിച്ചും ശ്രദ്ധിക്കേണ്ട ഒന്നാണത്. ആവർത്തിച്ചാവർത്തിച്ച് അനുസന്ധാനം ചെയ്തുപോന്ന പല ആശയങ്ങളും അബദ്ധമായിരുന്നുവെന്ന് ഈയിടെയുണ്ടായ വിദേശീയാക്രമണം കവിക്കു ബോദ്ധ്യപ്പെടുത്തിക്കൊടുക്കുന്നു.

'ഹിമാലയം ദുസ്തരമെന്നെത്രചൊല്ലിപ്പഠിച്ചു നാം
പുറത്തെള്ളു വിതയാക്കാറായവിടെച്ചാരി നില്ക്കയാൽ!'

ഹിമാലയത്തിൽ മാത്രമല്ല, നിഷ്പക്ഷതാനയത്തിന്റെ നിരുത്തരവാദിത്വത്തിൽ ചാരി നിന്നതുമാണ് ഈ ദുരന്തത്തിന്നു നിമിത്തമെന്ന് വിവക്ഷയുണ്ടോ ആവോ! അങ്ങിനെ ആലോചിച്ചു ചെയ്യുമ്പോൾ അഹിംസ എന്ന അത്യുദാരമായ ആ ആദർശത്തിന്റെ തന്നെ അവസ്ഥയോ? കവി കരുത്തുറ്റ ശൈലിയിൽ ചോദിക്കുന്നു.

'മുറ്റത്തിനൻ പെരുമ്പായ
വിരിച്ചൂ, തൊട്ട വീട്ടുകാർ
ഉണക്കുന്നൂ വെടി മരു,-
ന്നെന്തേ ഞാൻ നെല്ലുചിക്കണോ?'

സർവ്വസൗഭ്രാത്രം എന്നൊക്കെ ഉദ്ഘോഷിക്കുമ്പോൾ സത്യത്തിൽ മനസ്സ് എത്രമാത്രം വികസിപ്പിക്കാം?

'സുഖം സമസ്തലോകത്തി-
ന്നെന്നു നേരുന്ന വേളയിൽ
ആർ തൻ ശ്രേയസ്സെനിക്കാപ-
ത്തച്ചീനത്തെക്കിഴിക്കയോ?'

അവസാനത്തെ നിഗമനമിതാണ്: ഏതാശയവും എന്ന് അപര്യാപ്തവും അപ്രായോഗികമാവുന്നുവോ, അതിനെ പൊട്ടിയാട്ടി അടിച്ചിറക്കുക. എന്നിട്ടു പകരം പര്യാപ്തവും പ്രായോഗികവുമായ മറ്റൊന്നിനെ ശിവോതിയാക്കി അകത്തിരുത്തുക, ഇക്കാര്യത്തിൽ കവിയുടെ നില അസന്ദിഗ്ദ്ധമാണ്.

'വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം,
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുക താൻ വരം!'

ആശയങ്ങളുടെ മൗലികതത്വത്തിൽ അത്ര നിഷ്കർഷയാണ് ഇടശ്ശേരിക്ക് എന്നു

ചുരുക്കം. എല്ലാവരും ഏറ്റുപാടുന്നു എന്നതുകൊണ്ടുമാത്രം ഒരാശയവും ഈ കവിയെ ആകർഷിക്കാറില്ല. എന്നല്ല, അങ്ങനെ എല്ലാവരും ഏറ്റുപാടുന്ന ആശയത്തെ ഒന്നപഹസിക്കാനാവും, അതിന്റെ അങ്ങേ വശം ആലോചിക്കാനാവും, ഇദ്ദേഹത്തിന്റെ വാസന. 'കറുത്തചെട്ടിച്ചികൾ' ഈ 'വികൃതിത്ത'ത്തിന്റെ വിഖ്യാതമാതൃകയാണല്ലോ. ഈ വികൃതിത്തം, ഇല്ല, ഈ അറുപതാം കാലത്തും അടങ്ങിക്കഴിഞ്ഞിട്ടില്ല! ഏതു സംഘഗാനത്തിനു നടുക്കും അതിനാൽ, ഇടശ്ശേരി തന്റെ മൗലികസ്വരം സംരംക്ഷിക്കാതിരിക്കയില്ല. കവിയെന്ന നിലയിൽ അദ്ദേഹത്തിന്റെ കവിഞ്ഞ നിർബന്ധവും ഇതുമാത്രമാണ്. രസിച്ചാലും ശരി, വെറുത്താലും ശരി തന്റെ നാദം തന്റെ നാദമായിത്തന്നെകേൾക്കണം. 'പുരപ്പണി' എന്ന കവിതയിൽ ഇക്കാര്യം തുറന്നു പറഞ്ഞിരിക്കുന്നു.

'ഉയരുമീ ഗൃഹം നടന്നു കാണുമ്പോൾ
ചിരിച്ചാലുംകൊള്ളാം കയർത്താലും കൊള്ളാം;
എനിക്കിതേ വേണ്ടൂ പറഞ്ഞു പോകരു-
തിതു മറ്റൊന്നിന്റെ പകർപ്പെന്നുമാത്രം!'

ഇങ്ങിനെ മൗലികത്വത്തിലുള്ള നിർബന്ധം നിമിത്തമാവാം, വിചിത്രമായ, ചിലപ്പോൾ വിലക്ഷണം പോലുമായ, വിചാരഗതികളിൽ ഈ കവി വിഹരിക്കാറുണ്ട്. 'ബുദ്ധനും ഞാനും നരിയും' എന്ന കവിത ഈ വിഹാരത്തിന്റെ പഴയ ദൃഷ്ടാന്തമാണ്. പുതിയ ചില ദൃഷ്ടാന്തങ്ങൾ ഈ സമാഹാരത്തിലുമുണ്ട്. 'ആമയും മുയലും', 'ബിംബിസാരന്റെ ഇടയൻ' മുതലായവ. അവയിലെ വിചാരഗതിയുടെ കുസൃതിത്തം ഇടശ്ശേരിയുടെ ബുദ്ധിയിലല്ലാതെ വിളയുകയില്ല. എന്നിട്ടോ, അനുവാചകന്റെ ബുദ്ധിയ്ക്ക് ഇട്ടുരുട്ടാനുള്ള പൊതിക്കാത്ത തേങ്ങയായി അതവശേഷിക്കയുംചെയ്യുന്നു. സാഹസത്തിലാണല്ലോ കവിക്കു കൗതുകം; കാവ്യസാധന ബുദ്ധിസാഹസമായിക്കൂടി കരുതാത്തവർക്ക് ചിലപ്പോൾ അദ്ദേഹത്തിന്റെ കവിതയിൽ കൗതുകം കണ്ടെത്താൻ കഴിഞ്ഞെന്നുവരില്ല. അലസവും അനായാസവുമായ ആസ്വാദനത്തിലാണഭിനിവേശമെങ്കിൽ, അത്തരക്കാർക്കു വഴിവേറെ....!

അല്ലെങ്കിലും, ഇടശ്ശേരിക്കവിതയെക്കുറിച്ച് അങ്ങനെ ഒരാക്ഷേപമുണ്ട് – അത് ബുദ്ധിയുടെ കവിതയാണെന്ന്. അതനുവദിച്ചുകൊടുക്കുകയാവും നല്ലതെന്നു തോന്നുന്നു. അതുകൊണ്ടെന്താ അപകടം? കവിതയിൽ ബുദ്ധിയുടെ മുദ്ര കാണാനേ പാടില്ലെന്ന് നിർബ്ബന്ധിക്കണോ? നനുത്തുമിനുത്ത നറും വികാരങ്ങളൊഴികെ മറ്റൊക്കെ കവിതയിൽനിന്ന് നിരസിക്കണോ? ഏതായാലും, ചങ്ങമ്പുഴയുടേയും മറ്റും കവിതയിൽ മലയാള കവിത തനി വികാരതരളമായപ്പോൾ, അതിനെതിരെ മനപൂർവ്വമായിട്ടോ അല്ലാതെത്തന്നെയോ, പ്രതിപ്രവർത്തനം നടത്തിയ കവികളിൽപ്പെടുന്നു ഇടശ്ശേരി എന്നാണെനിക്ക് തോന്നുന്നത്. ഇതദ്ദേഹത്തിന്ന് ഒരപഖ്യാതിയാണെങ്കിൽ, ആ അപഖ്യാതിയെ അന്യഥാകരിക്കാൻ ഈ സമാഹാരത്തിലെ കവിതകൾക്കും കഴിയുമെന്ന് തോന്നുന്നില്ല. പ്രതിപാദ്യം കൊണ്ടായാലും പ്രതിപാദനം കൊണ്ടായാലും ഇടശ്ശേരി വെറും വികാരത്തിന്റെ പക്ഷത്തല്ല: തരളമായ ഹൃദയത്തിന്റേതിനേക്കാൾ, തന്റേടമുറച്ച ബുദ്ധിയുടെ സ്വരമത്രേ ആ കവിത (വല്ല 'പെങ്ങളോ' മറ്റോ ഉണ്ടാവാം അപവാദമായിട്ട്.) ഈ സമാഹാരത്തിലെ ഏറെ കവിതകൾക്കും ഏറ്റവും യോജിക്കുന്ന വിശേഷണം വികാരമൃദുലമെന്നല്ല വിചാരപരുഷം എന്നുതന്നെയാണ്. 'മാർക്കണ്ഡേയനാ'ണ് കൂട്ടത്തിൽ മികച്ച മാതൃക. സർവ്വനാശത്തിന്റേയും സമസ്തസൗഖ്യത്തിന്റേതുമായ വഴിത്തിരിവിലെത്തി സംഭ്രമിച്ചുനിൽക്കുന്ന ആധുനികമനുഷ്യൻ തന്നെയാണ് ആ മാർക്കണ്ഡേയൻ. മനുഷ്യന്റെ ഇച്ഛാബലം അവനെ സർവ്വനാശത്തിന്റെ മാർഗ്ഗത്തിലേയ്ക്കു നയിക്കയില്ല എന്നുതന്നെ കവി വിശ്വസിക്കുന്നു. നമ്മുടെ നാടൻ ജീവിതവീക്ഷണത്തിന്റെ നാരായവേരാണല്ലോ ശുഭപ്രതീക്ഷ. ഉപരിവിപ്ലവമാവാത്ത തോതിൽ ഇടശ്ശേരിക്കവിതയും അതുൾക്കൊണ്ടുകാണുന്നു.

ഒട്ടും പിരിയുടയാത്ത ഉജ്ജ്വലമായ രചനകൊണ്ട് ഉടനീളം ഒരുൽക്കടഭാവം പുലർത്തുന്ന ഈ 'മാർക്കണ്ഡേയ'ന്റെ കൂടപ്പിറപ്പുകളായി കൂട്ടേണ്ടവയാണ് 'വീണ്ടും ഓണം,' 'നീർപ്പോളകൾ', 'അജാമിളമോക്ഷം വീണ്ടും, 'സത്യവും സൗന്ദര്യവും,' 'ഉപരിപഠനത്തിന്,' 'ഏറെത്തടിച്ച മൃഗം,' – ഇങ്ങനെ ഈ സമാഹാരത്തിലെ പല കവിതകളും. ചിലതിലൊക്കെ തനി ബുദ്ധിയേ ഉള്ളൂ. ഹൃദയമില്ലതന്നെ എന്നുവേണമെങ്കിൽ പരാതിപ്പെടുയും ചെയ്യാം.

എന്നാൽ ആ പരാതിക്കു പരിഹാരമായി ഹൃദയം മാത്രമുള്ള ഒരു കവിതയും അല്ലെങ്കിൽ ഒരു കവിതാഖണ്ഡമെങ്കിലും ഈ സമാഹാരത്തിൽ ഇല്ലായ്കയില്ല. 'അമ്പാടിയിലേയ്ക്കു വീണ്ടും' അതിന്റെ രണ്ടാം പാതി ഇടശ്ശേരിക്കവിത ഇവിടെ ഒരുക്കുന്ന വികാരമധുരമായ വിരുന്നത്രെ. അമ്പാടിപ്പൈതലായി പണ്ട് ആടിപ്പാടി നടന്ന കണ്ണൻ അതൊക്കെക്കഴിഞ്ഞ് ചക്രവർത്തിയായശേഷം ആ രംഗത്തേയ്ക്ക് വീണ്ടും ഒന്നെഴുന്നെള്ളുകയാണെന്നിരിക്കട്ടെ. ആ പഴയ രാസക്രീഡാനായകനെക്കാണുമ്പോൾ എന്താവും അവിടത്തെ ഗോപികമാരുടെ വികാരവിവശയതയുടെ സ്വഭാവം? ഇങ്ങനെയൊരു സങ്കല്പമാണ് ഈ കവിതയ്ക്കാ

ധാരം. ഇതിന്റെ ഒന്നാംഭാഗവും രണ്ടാംഭാഗവുമായി ഒട്ടൊരുപൊരുത്തക്കുറവില്ലേ? എന്തോ.....രണ്ടാംഭാഗം ഏതായാലും അനുഭൂതിയുടെ ആർദ്രപാകംകൊണ്ട് ആകർഷകമായിരിക്കുന്നു.

'ചേലകളല്ലാ, വാരിയെടുക്കുക
ഞങ്ങടെ ചേതന പാടേ,
നിന്നുടെ ചുറ്റും തൂക്കിക്കൊള്ളുക
സുമന്ദഹാസത്തോടെ,
വ്രീളാവിവശതയാലേ മിഴിയും
പൂട്ടി ഞങ്ങൾ കിടക്കുമ്പോൾ
ഞങ്ങളെ മൂടുക, കാരുണ്യാത്മൻ,
നിന്നോടക്കുഴൽവിളിയാലേ!'

സംശയമില്ല, ഈ സമാഹാരത്തിലെ ഏറ്റവും സമാകർഷമായ അനുഭവമായി ഈ ഖണ്ഡം നിർദ്ദേശിച്ചുകൊള്ളട്ടെ.

ശ്രീ. ഇടശ്ശേരിയുടെ പ്രകൃതിവീക്ഷണം വിശദമാക്കുന്ന ചില കവിതകളും ഈ സമാഹാരത്തിലുണ്ട്. ആർഭാടവും ആഘോഷവുമായി പ്രകൃതിയെ അവളുടെ പാട്ടിന്നു വിടുക എന്ന ആശയത്തോട് ഈ കവി അനുകൂലിക്കുന്നില്ല. പ്രകൃതി മനുഷ്യനെ അനുസരിക്കട്ടെ എന്ന ആശയമാണ് ഭാരതപ്പുഴയെക്കുറിച്ചുള്ള രണ്ട് കവിതകളിലും അന്തർഭവിക്കുന്നത്. ഒന്ന്, 'വധു.' ആപത്തു വിതച്ചുകൊണ്ട് ഇങ്ങനെ അനിയന്ത്രിതയായി അലറിക്കുതിച്ചൊഴുകിയാൽപ്പോരാ, ആവശ്യത്തിന്നൊത്തു കീഴടങ്ങി നമ്മുടെ കർഷകന്റെ പുത്രവധുവായിത്തീരണം എന്നഭ്യർത്ഥിക്കയാണ് അതിൽ. രണ്ട്, കുടം നിറയ്ക്കൂ കൂടെ വരൂ അവിടെ അഭ്യർത്ഥന വിട്ട് അർത്ഥവത്തായ ഒരു താക്കീതുതന്നെ ഉയർത്തിയിരിക്കുന്നു.

'ഉപ്പലമാലയിലിടചേരാനിനി-
യോർപ്പതു വെറുതേ വിഡ്ഢിത്തം
ഉഴുന്നവർക്കാണുഭയം, കേരള-
മുഴന്നു നിൽക്കില്ലിനി മേലിൽ.
ഹലങ്ങൾ ഞങ്ങളെ തോൾകളിലായീ
പുലർന്നിടുന്നൂ പുതുകാലം.'

ഈ പുതുകാലത്ത് പുഴ കുടം നിറച്ച് നമ്മുടെ കൂടെ നടക്കട്ടെ നാം ചൂണ്ടിക്കൊടുക്കുന്നിടത്തു നനയ്ക്കാൻ! ഇടശ്ശേരിയുടെ ഈ മനോഭാവത്തെ, ഭാരതപ്പുഴയുടെ ആരാധകനായി നമുക്ക് മറ്റൊരു കവിയുണ്ടല്ലോ - ശ്രീ. കുഞ്ഞിരാമൻ നായർ, അദ്ദേഹത്തിന്റെ മനോഭാവവുമായി താരതമ്യപ്പെടുത്തുന്നത് കൗതുകകരമാണ്. ഏതായാലും പ്രകൃതിയെ കറവപ്പശുവാക്കി കയറിട്ടുകെട്ടുക എന്ന ആശയത്തിൽ അസ്വസ്ഥനാവാൻ മാത്രം, അത്രയ്ക്ക് അശാസ്ത്രീയമായ കാല്പനികത്വം ഇടശ്ശേരിക്കവിതയെ അനുഗ്രഹിച്ചിട്ടില്ല.

എന്നുവെച്ച് പ്രകൃതിയുടെ വിലാസവിശേഷങ്ങൾ ഈ കവിയുടെ കണ്ണിൽ വിഭ്രാമകമല്ല എന്നു വിചാരിക്കരുത്. ആ വിലാസവിശേഷങ്ങളിൽ ഇദ്ദേഹവും അഭിരമിക്കുന്നു, ആണ്ടു മുഴുകുന്നു. 'പുലരെപ്പുലരെ പൊന്നോണം' എന്ന കവിത ഉദാഹരണം. എന്നല്ല, പ്രകൃതിയെ വീണ്ടുവിചാരം കൂടാതെ മനുഷ്യൻ കടന്നു കയ്യേറുകയാണല്ലോ എന്ന വിഷാദം തന്നെ 'പുളിമാവുവെട്ടി' എന്ന കവിതയിൽ ഉറന്നുനില്ക്കുന്നുണ്ട്.

'ആകെപ്പാരിനെ വളരാനാക്കീ-
ട്ടാത്മസുഖത്തെപ്പാഴാക്കി
അങ്ങയെവെട്ടിയ മർത്ത്യൻ നേടിയ-
തഞ്ചുകാശിൻ കൈവല്യം!'

എന്ന് ആധുനികമനുഷ്യന്റെ അർത്ഥലോഭത്തെ അവഹേളിച്ചുകൊണ്ടാണ് ഈ കവിത അവസാനിക്കുന്നത്. ഇടശ്ശേരിയുടെ സാധാരണ വീക്ഷണത്തിൽ നിന്ന് തെല്ലൊരു വ്യതിചലനമല്ലേ ഇത് എന്ന് സംശയിക്കാം. അതിനൊന്നേയുള്ളു സമാധാനം. ഇങ്ങനെ വ്യതിചലിക്കാൻ കഴിയുന്നതുകൊണ്ടാണ് ഇടശ്ശേരി കവിയാവുന്നത്. വെറിപിടിച്ച മനുഷ്യർ പ്രകൃതിയുടെ പച്ചമേടുകളും പവിഴത്തുരുത്തുകളും വെട്ടിനിരത്തുകയും ചുട്ടുമുടിക്കയുമാണല്ലോ എന്ന വിഷാദം ഇയ്യിടെയായി ഏതു കവിയിലും ഉറന്നുനില്ക്കുന്നതായിക്കാണാം. (ശ്രീ. ഇടശ്ശേരിയുടെ തന്നെ, 'കുറ്റിപ്പുറം പാലം' ഇവിടെ ഓർത്തു പോവുന്നു.) എത്ര ശാസ്ത്രീയവീക്ഷണമുള്ള കവിക്കും, അയാൾ കവിയാണെങ്കിൽ, ഇതുൾക്കൊള്ളാതെ വയ്യ. കാരണം, ഏതു ശാസ്ത്രവബോധത്തിന്റെ ഉച്ചവെയിലത്തും, മനസ്സിൽ പ്രകൃതിയോടുള്ള അശാസ്ത്രീയമായ അനുരാഗത്തിന്റെ ഇളം നിലാവ് ചുരന്നുവരിക - അതു കൂടിയാണല്ലോ കവിയുടെ ലക്ഷണം. അതിനാൽ, ഇടശ്ശേരിയുടെ 'പുളിമാവുവെട്ടി' എന്ന ഈ കവിതയിലെ സ്വരം തീരെ അപരിചിതമായിക്കരുതാനില്ല. ഒരു കാര്യംകൂടി ചുണ്ടിക്കാട്ടാൻ കൗതുകം തോന്നുന്നു. കവിതയുടെ ഭാവിയെച്ചൊല്ലി കണ്ഠക്ഷോഭം നട

ക്കുന്ന കാലമാണല്ലോ; ശങ്കകൾ, ശാപങ്ങൾ, ശപഥങ്ങൾ – ആകെ ചപലവും മുഖരവുമാണ് അന്തരീക്ഷം! ഇതിനിടെ അനുകൂലമോ പ്രതികൂലമോ ആവട്ടെ, ഇക്കാര്യത്തിൽ അചഞ്ചലമായ ഒരു കാഴ്ചപ്പാട് ആവശ്യമായിരിക്കുന്നു. അത്രയ്ക്ക് ഉദ്ദീപ്തമായിട്ടുണ്ട് വാദകോലാഹലം. ശ്രീ ഇടശ്ശേരിയുടെ കാഴ്ചപ്പാടെന്താവും? ഇതു പരോക്ഷമായി പറഞ്ഞുതരുന്ന ചില കവിതകൾ കൂടി ഈ സമാഹാരത്തിലുണ്ട്. ഈ അവകാശവാദത്തിന് ഒരു പക്ഷേ കവിയുടെ അനുവാദമുണ്ടായി എന്നുവരില്ല എന്നു മാത്രം!

ഉദാഹരണത്തിനു 'പട്ടുകുപ്പായ'മെന്ന കവിത നോക്കുക. മനുഷ്യവർഗ്ഗത്തിന്റെ ബാല്യത്തിലെ പൊന്നുടുപ്പ് മാത്രമാണ് കവിത എന്നൊരാശയം പ്രശസ്തമാണല്ലോ. ഈ 'പൊന്നുടുപ്പ്'തന്നെയല്ലേ ഇടശ്ശേരിയുടെ 'പട്ടുകുപ്പായവും'? വളർച്ചയെത്തിയ മനുഷ്യൻ ഇറുക്കം കൂടിയ ആ കുപ്പായം ഒരു വയ്യാവേലിയാവുമെന്നു കരുതി ഊരിയെറിയുമ്പോൾ, കവി അതെടുത്തു സൂക്ഷിക്കുന്നു. അതൊരു പാഴ്വേലയാവാം. പക്ഷേ,

'അല്പം ചിലരിൽ പ്രയോജനവാദത്തി-
ന്നാകർഷകത്വമില്ലെന്നു സിദ്ധം!'

ഇത്തരം 'അല്പം ചിലർ' അവശേഷിക്കുന്നിടത്തോളം, അവരവരുടെ ആത്മസഖിയായി കവിതയും അവശേഷിക്കാതിരിക്കയില്ല കായിൻപേരിൽ പൂമതിക്കുവോരുടെ കാലമായിരിക്കാമിത്. എന്നാലും അപ്പോഴും കാണും കലയുടെ കേവലഭംഗിയിൽ അഭിരമിക്കുന്ന ഒരു ന്യൂനപക്ഷം. അത്തരം ന്യൂനപക്ഷമാണ് എന്നും കവിതയെ താലോലിക്കാറുള്ളതും.

'കാറ്റും വെളിച്ചവും'എന്ന കവിതയിൽനിന്നുകൂടി ഒരു ഉദാഹരണം:

'ഇല്ലാ, ദർശനിശീഥക്കൂരിരു-
ളെല്ലാംകൂടി മഥിക്കിലുമൊരു ചെറു-
വെള്ളിത്താരയെ മൂടാൻ കഴിവില്ല!'

ഇവിടെ കവി ഉദ്ദേശിച്ച അർത്ഥമെന്തായാലും, ഈ ചെറുവെള്ളിത്താരയിൽ, കാവ്യകടാക്ഷരീതിയിൽ, കവിതയെക്കൂടി ഉൾക്കൊള്ളിക്കാവുന്നതാണ്. മൃദുലമായ ഈ കലാരൂപം ഏതു പരുഷശക്തികളെയും അതിജീവിച്ചുകൊള്ളും. ഉദ്ധതവാദങ്ങളുടെ ഇത്തരം ചണ്ഡമരുത്തുകളൊക്കെ അതാതു കാലത്തുയരാറുണ്ട്. പക്ഷേ അതൊക്കെയും അടുത്ത പടിയായി കവിതയ്ക്കൊരു നവോത്ഥാനത്തിനു കാരണമാവുകയേ പതിവുള്ളു. അങ്ങനെയാണു സാഹിത്യചരിത്രത്തിന്റെ പഠനം. ഇവിടെയും അതുതന്നെ സംഭവിക്കുമെന്നാശിക്കുക. അങ്ങനെ ഈ കവിതാനിഷേധക്കമ്പക്കാരുടെ കഠിനമർദ്ദത്തിൽനിന്നു കൂടുതൽ സജീവവും സംശയാതീതവുമായ കവിത പിറക്കുമ്പോൾ, അന്ന് ഇവരോട് നന്ദിപറയാം. അതിനുള്ള വാക്കുകളും ഇടശ്ശേരി ഇതാ എഴുതിവെച്ചിരിക്കുന്നു.

'എല്ലാമെല്ലാം പൊക്കിയെടുത്തു
പറന്നണയുന്ന കൊടുങ്കാറ്റേ, നീ
ഫുല്ലമലർക്കുലകൾക്കു സരാഗ-
പരാഗമണച്ചിടുമെന്നാരോർത്തു!'

അതുപോലെ ഏതുകവിതയും അനുകരണമാണെന്ന് ഏറെ വീറോടെ വാദിച്ചു സമർത്ഥിക്കുന്നവർക്കു വായിച്ചു രസിക്കാവുന്നൊരു പ്രത്യാഖ്യാനമാണ് ഈ സമാഹാരത്തിലെ 'നാലിതൾപ്പൂവ്'. ആക്ഷേപിച്ചാലല്ലേ 'യോഗ്യരാവൂ'എന്ന് അതിൽ തൊടുത്ത അപഹാസം, ഖണ്ഡനനിരൂപണമാണ്. നിരൂപണം എന്ന സിദ്ധാന്തക്കാർക്ക് അലങ്കാരമായി വാങ്ങിയണിയാം!

ശ്രീ. ഇടശ്ശേരിയുടെ പ്രതിപാദനനീതി ദുർഗ്രഹമാണ് എന്ന് പണ്ടേയുണ്ട് പ്രശസ്തി. ആ പ്രശസ്തിക്ക് പ്രതിഷ്ഠയരുളുമാറ്, ഇപ്പോൾ ആ പ്രതിപാദനരീതി കൂടുതൽ ഗാഢവും സാന്ദ്രവുമായി പരിണമിച്ചിരിക്കുന്നു. നാടൻപദങ്ങൾ ധാരാളമുപയോഗിക്കാറുണ്ടെങ്കിലും, പൊതുവേ ഇടശ്ശേരിക്കവിത സംസ്കൃതബഹുലവും സമാസജടിലവുമല്ല എന്ന് പറഞ്ഞുകൂടാ.

ഇതേതിരുൾക്കുഴിമേലുരുളട്ടെ വിടില്ല ഞാനീ 'രശ്മികളെ' എന്ന് ഇടശ്ശേരി എഴുതുമ്പോൾ അവിടെ രശ്മിക്ക് 'കടിഞ്ഞാൺ' എന്നാണർത്ഥമെന്ന് അല്പവിഭവമായ ആധുനികതലമുറയ്ക്ക് മനസ്സിലായില്ല എന്നുവരും! 'പരൽ' (നക്ഷത്രം), 'ശിരസ്ത്രം' (തലപ്പാവ്) ഇങ്ങനെ പല പദങ്ങളുടേയും കഥ ഇതുതന്നെ. ഇതുകൂടാതെ മറ്റൊരു ക്ലേശവും: ഇടശ്ശേരിക്കവിത മുരടോടെ പറിച്ചെടുത്ത മുഴുത്ത ചെടിയാണ്. മുകളിലെ തണ്ടും തളിരും താരും കനിയും മാത്രമല്ല, അടിയിലെ അടരടരായ മണ്ണും ആണ്ടിറങ്ങിയ വേരും കൂടി നമ്മുടെ കണ്ണിൽപ്പെടുന്നു. പിറന്ന നാടിനോട് പിളർന്നെടുക്കാനാവാത്തവിധം അതിനു ബന്ധമുണ്ട്. പല പ്രയോഗങ്ങളും പ്രാദേശികമാണ് എന്നതിരിക്കട്ടെ. പലതിലും അവിടത്തെ ആചാരങ്ങളുടെയും ഐതിഹ്യങ്ങളുടെയും അംശം അവശേഷിക്കുകയും ചെയ്യും. 'സാഗരസ്തുതി' എന്ന കവിത ശ്രദ്ധിക്കുക. കരപ്രഭുക്കന്മാർ ചതിച്ച വേളയിൽ, മത്സ്യം എന്ന മധുരോദാരമായ ഭക്ഷണം വാരിക്കോരിത്തന്ന് ഒരു മഹാജനതയെ മുഴുവൻ പോറ്റിപ്പുലർത്തുന്ന 'കടൽപ്രഭുവി'ന് നമോവാകമോതുകയാണവിടെ. എങ്കിലും അത്രയും മൊത്തത്തിൽ ധരിച്ചതുകൊണ്ടായില്ല.

'പുഴകൾ തള്ളിടുമഴുക്കുപണ്ടങ്ങൾ
പഴയ മുണ്ടിന്റെ കസവുകൾ പോലെ
അപചയിച്ചുഗ്രബഡവാഗ്നിച്ചൂള-
യ്ക്കകത്തുരുക്കിയോ, കറകളഞ്ഞേവം
അയില മത്തിയും പരലും മുള്ളനും-
പലേ വടിവുറ്റ രജതഭൂഷകൾ-
കൊതിച്ചിരിപ്പോരീയിളയുടെയോമൽ-
ക്കുമാരകന്മാർക്കായ് വിതരണംചെയ്വൂ
തിര നുരയണിത്തലേക്കെട്ടുവെച്ച
വരുണച്ചെട്ടിയാർ കടപ്പുറം തോറും?'

എന്ന സങ്കല്പത്തിന്റെ സാരസ്യം മുഴുവൻ സാക്ഷാൽക്കരിക്കാൻ സാധിക്കണമെങ്കിൽ, നമ്മുടെ നാടൻ ജീവിതവുമായി നല്ലൊരു നാഭിനാളബന്ധംതന്നെ വേണം. അതും കഴിഞ്ഞ്, പാനേങ്കളിയിലെ മത്സ്യപദ്യങ്ങളുടെയോ ഭാഗവതത്തിലെ മത്സ്യാവതാരകഥയുടെയോ ഒക്കെ അനുബന്ധം (association) ഉണർത്തിക്കൊണ്ടാണ് ആ കവിത അവസാനിക്കുന്നത്. അത്രയൊക്കെ എത്താൻ കഴിയാത്ത അനുവാചകന് ഇടശ്ശേരിക്കവിതയിൽ അവിടവിടെ കടങ്കഥകൾ അവശേഷിക്കുന്നത് അസ്വാഭാവികമല്ല.

വാസ്തവത്തിൽ സാധാരണ ധരിക്കാറുള്ളതിൽക്കവിഞ്ഞ സംഗീതാംശമുണ്ട് ഇടശ്ശേരിക്കവിതയ്ക്ക്. ഒട്ടാകെ അസാരം ദുർഗ്രഹമായതുകൊണ്ടാവം 'പൂതപ്പാട്ടി'ന്റെയോ മറ്റോ കാര്യത്തിലൊഴികെ, ഇതങ്ങിനെ പൂർണ്ണമായി ധരിച്ചിട്ടില്ല. എന്നു തോന്നുന്നു. പൊന്നാനിമണ്ണിൽ പൊട്ടിക്കിളർന്ന് അവിടത്തെ കർഷകരുടേയോ മറ്റോ നാവിൽ കളിയാടാറുള്ള ഏതെല്ലാമോ നാടൻപാട്ടുകളുടെ നറുമധുരം കലർന്ന ഈണങ്ങൾ, പല കവിത രചിക്കുമ്പോഴും ഇടശ്ശേരിയുടെ മനസ്സിൽ പറന്നുമൂളി നടക്കുന്നുണ്ടാകണം. അവയിൽ കണ്ടെത്തിയ സ്വച്ഛന്ദഗതിയുടെ സംസ്കാരം ഹേതുവായിട്ടാവാം, വൃത്തങ്ങളെ നിയതമായ അക്ഷരസംഖ്യയിൽ തളച്ചുനിർത്താതെ നിസർഗമധുരമായ ഈണത്തിലേയ്ക്ക് അഴിച്ചുവിടുകയാണ് ഇടശ്ശേരി പലപ്പോഴും പതിവ്. അങ്ങിനെ സ്വതന്ത്രമായ ഒരു സ്വരലയത്തോടെ പാകത്തിന് നീണ്ടും കുറുകിയും പകർന്നു വീഴുന്ന വൃത്തസംഗീതം 'അമ്പാടിയിലേക്കു വീണ്ടും' എന്ന കവിതയിലെ ഭാവചൈതന്യത്തിനു ഭാസുരമായ പരിവേഷം ചമയ്ക്കുന്നു. 'കാറ്റും വെളിച്ചവും' മുതലായ മറ്റു പല കവിതകൾക്കും ഇങ്ങനെ വൃത്തം ആകർഷകമായി അകമ്പടി സേവിക്കുന്നതു കാണാം.

കാവിലെപാട്ടാവട്ടെ, കേട്ടുമറന്ന കളംപാട്ടുകളുടെ കേളിലയം കാതിൽ പകരുന്നതായി അനുഭവപ്പെടുന്നു.

'മൺകുടത്തിൽ മദകരമാം മധുതുളുമ്പീടുന്നൂ,
പൊൻകുടത്തിൽ പൂക്കുലകൾ പൊട്ടി വിരിയുന്നൂ,
കളമധുരദ്യുതി കഴുകിക്കളമെഴുതിത്തീർന്നൂ,
നിറപറയും കതിർചൊരിയും നിലവിളക്കും വെച്ചു
ചെകിടടയും വെടികളോടേ ചെണ്ട മേളം താക്കീ:
ചേലിയലും പെൺകൊടിമാർ താലവും നിരത്തീ.'

ഈ ഭാഗം പരിശോധിക്കുക. താലപ്പൊലിയുടെ അന്തരീക്ഷം സഫലമായി ഇവിടെ സംവേദനം ചെയ്യപ്പെടുന്നുണ്ട്, തീർച്ച. അതെങ്ങനെ സാധിക്കുന്നു – അതാതു ഘടകങ്ങളുടെ സമർത്ഥമായ സംവിധാനംകൊണ്ടുമാത്രമാണോ? അല്ല, ആ അന്തരീക്ഷത്തിലെ ഈണത്തിന്റെ സവിശേഷമായ സന്നിവേശംകൊണ്ടുകൂടിയത്രേ. ഇങ്ങനെ ഇവിടെവെച്ചു വൃത്തത്തിനു സായൂജ്യം ലഭിക്കുന്നു. ഇക്കാര്യം ഇതിലധികം ഇപ്പോൾ വിസ്തരിക്കുന്നില്ല. ശ്രീ ഇടശ്ശേരി വൃത്തത്തിന്റെ കാര്യത്തിൽ നിർവ്വഹിച്ച പല സ്വച്ഛന്ദപരീക്ഷണങ്ങളും വിശേഷിച്ചു പഠനമർഹിക്കുന്നു, ആ പഠനത്തിന്നു സഹായകമായ പല ഘടകങ്ങളും ഈ സമാഹാരവും സമർപ്പിക്കുന്നു എന്നു മാത്രം നിർദ്ദേശിച്ചുകൊള്ളട്ടെ.

ചുരുക്കം ഇതാണ്: അലങ്കാരത്തിന്നുവേണ്ടി വീട്ടുമുറിയിലെപൂപ്പാത്രത്തിൽ ഒതുക്കി വെട്ടി ഒരുക്കിവെച്ച ചെടിത്തലപ്പാണ് അധികംപേരെയും ആകർഷിക്കുക. മുഴുത്ത ചെടിയും അതിന്റെ മുരട്ടിലെ മണ്ണും അവർക്ക് അരോചകമായേയ്ക്കും. ഇടശ്ശേരിക്കവിത മുരടോടെ പറിച്ചെടുത്ത ചെടിയായതിനാലാവാം, അതിനൊരുപക്ഷേ ആസ്വാദകർ അസാരമൊന്നു കുറഞ്ഞുപോകുന്നത്.

– ഇതാ ഒരു കവി